കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

വിജ്ഞാപനം

നമ്പർ. 11885/ഇ 1/2014/തൊഴിൽ

തിരുവനന്തപുരം, 30 ജൂലൈ 2015
14 കർക്കിടകം 1190

1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11- ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)- ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2010 മാർച്ച് 9-ാം തീയതിയിലെ സ.ഉ (എം. എസ്) 32/2010/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 മാർച്ച് 11-ാം തീയതിയിലെ 576-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ. 252/2010-ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ട് കേരള സർക്കാർ, സംസ്ഥാനത്തെ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ സംബന്ധിച്ച് താഴെ പട്ടികയിൽ പറയുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

ഈ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ, ഇത് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ട് മാസം തികയുന്ന തീയതിക്കോ, അതിനുശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിയ്ക്കോ / അതിനു മുമ്പോ ഏതെങ്കിലും ആളിൽനിന്നും ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളോ, നിർദ്ദേശങ്ങളോ എന്തെങ്കിലുമുണ്ടെങ്കിൽ അവയും സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അങ്ങനെയുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695001 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

പട്ടിക

1. ആകെ വേതനം.-

| ക്രമ-നമ്പർ | ജോലി | തുടക്കത്തിലുള്ള 8 മണിക്കൂറിൽ കുറഞ്ഞതും 5 മണിക്കൂർ വരെ ഉള്ളതുമായ ജോലിക്ക് 1 മണിക്കൂർ ജോലിക്ക് | തുടർന്നുള്ള ഓരോ മണിക്കൂർ ജോലിക്ക് | ദിവസ വേതനം (8 മണിക്കൂർ ജോലിക്ക്) | പ്രതിമാസ വേതനം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | തുണി അലക്കൽ | 37.50 | 22.50 | 195 | 5070 |
| 2 | പാത്രം കഴുകൽ | 37.50 | 22.50 | 195 | 5070 |
| 3 | വീട് തൂത്തുവാരുക, അടിച്ച് വൃത്തിയാക്കുക, പരിസരം തൂക്കുക, നിലം തുടയ്ക്കുക, വീടും പരിസരവും വൃത്തിയാക്കുക | 37.50 | 22.50 | 195 | 5070 |
| 4 | ഭക്ഷണത്തിനുള്ള പലവ്യഞ്ജനങ്ങളും പച്ചക്കറികളും പാത്രങ്ങളും ഉപകരണങ്ങളും മറ്റും വാങ്ങി കൊണ്ടുവരിക | 37.50 | 22.50 | 195 | 5070 |
| 5 | ഭക്ഷണം പാകം ചെയ്യുന്നതിന് സഹായിക്കുക | 37.50 | 22.50 | 195 | 5070 |
| 6 | ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള എല്ലാമോ ഒന്നിൽ കൂടുതലോ ജോലി ചെയ്യുന്നതിന് | 37.50 | 22.50 | 195 | 5070 |
| 7 | കുട്ടികളെ പരിപാലിക്കുക, വിദ്യാലയത്തിൽ കൊണ്ടുപോകുകയും തിരികെ കൊണ്ടുവരികയും ചെയ്യുക | 38.25 | 23.25 | 201 | 5226 |
| 8 | പ്രായം ചെന്നവരെയും രോഗികളെയും വിഭിന്ന ശേഷിയുള്ള വരെയും പരിപാലിക്കുക | 38.25 | 23.25 | 201 | 5226 |
| 9 | ക്രമ നമ്പർ 7-ലെയും 8-ലെയും ജോലികളും ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള എല്ലാമോ ഏതെങ്കിലുമോ ജോലികൾ ഒരുമിച്ച് ചെയ്യുന്നതിന് | 38.25 | 23.25 | 201 | 5226 |
| 10 | ഭക്ഷണം പാകം ചെയ്യുക | 39.75 | 24.75 | 213 | 5538 |
| 11 | വ്യക്തിയുടെയോ കുടുംബത്തിന്റെയോ താമസവുമായി ബന്ധപ്പെട്ട് വീട്ടിലും പരിസരത്തും മറ്റ് ജോലികൾ ചെയ്യുന്നവർ | 37.50 | 22.50 | 195 | 5070 |
| 12 | വീട്ടിൽ താമസിച്ച് ഗാർഹിക ജോലി ചെയ്യുന്നവർ | - | - | 219 | 5694 |
| 13 | വാഹന ഡ്രൈവർ | 40.50 | 25.50 | 219 | 5694 |
| 14 | ഗാർഡനർ (തോട്ടക്കാരൻ) | 40.50 | 25.50 | 219 | 5694 |

| | | | | | |
|---|---|---|---|---|---|
| 15 | ഹോം നേഴ്സ് (വിദ്യാഭ്യാസ യോഗ്യതയോ വിദഗ്ധ പരിശീലനമോ നേടിയവർ) | | | | |
| | (1) പകൽ സമയം | 40.50 | 25.50 | 219 | 5694 |
| | (2) വീട്ടിൽ താമസിച്ച് | - | - | 225 | 5850 |
| 16 | സെക്യൂരിറ്റി/വാച്ച്മാൻ, ഗാർഡൻ വർക്കർ (തോട്ടപ്പണിക്കാർ) | - | - | 213 | 5538 |

2. സൗജന്യ ഭക്ഷണം : - .

മേൽപ്പറഞ്ഞ വേതനത്തിനുപുറമേ കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും ജോലി ചെയ്യുന്നവർക്ക് ഒരു നേരത്തെ ഭക്ഷണവും ദിവസം നാല് മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് രണ്ട് നേരത്തെ ഭക്ഷണവും ജോലി ചെയ്യുന്ന വീട്ടിൽ താമസിക്കുന്നവർക്ക് പൂർണ്ണമായ ഭക്ഷണവും സൗജന്യമായി ഗൃഹനാഥ/ ഗൃഹനാഥൻ നൽകേണ്ടതാണ്.

3. ക്ഷാമബത്ത.-

മുകളിൽ സൂചിപ്പിച്ച അടിസ്ഥാന വേതനത്തിനു പുറമേ സംസ്ഥാനത്തെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ ഉപഭോക്തൃ വില സൂചികയുടെ എല്ലാ സെന്ററുകളിലേയും ചേർന്നുള്ള സംസ്ഥാന ശരാശരിയിൽ 220 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ അഞ്ച് പോയിന്റിനും അപ്രകാരം വർദ്ധനവ് വന്ന മാസത്തിന്റെ 1-ാം തീയതി മുതൽ അടിസ്ഥാന വേതനത്തിന്റെ . അഞ്ച് ശതമാനം വീതം ക്ഷാമബത്തയായി നൽകേണ്ടതാണ്.

4. നാലിൽ കൂടുതൽ പ്രായപൂർത്തിയായവർ തുടർച്ചയായി ഒന്നിച്ചു താമസിക്കുന്ന വീടുകളിലെ ജോലികൾ ഒരു തൊഴിലാളി മാത്രമാണ് ചെയ്യുന്നതെങ്കിൽ അധികമായി താമസിക്കുന്ന ഓരോ ആൾക്കുവേണ്ടിയും നിശ്ചയിക്കപ്പെട്ട വേതനത്തിന്റെ അഞ്ച് ശതമാനം വീതം പരമാവധി 15 ശതമാനം തുക തൊഴിലാളിക്ക് അധികമായി വേതനം നൽകേണ്ടതാണ്.

5. ഒരു ദിവസം ഒരു വീട്ടിൽ ഒരു ഗൃഹനാഥയുടെ/ ഗൃഹനാഥന്റെ കീഴിൽ തുടർച്ചയായി 5 മണിക്കൂറിൽ കൂടുതൽ സമയം ജോലി ചെയ്യുന്ന തൊഴിലാളിക്ക് ആ വിഭാഗത്തിന് ഒരു ദിവസത്തെ ജോലിക്ക് പട്ടിക പ്രകാരം (8 മണിക്കൂർ ജോലിക്ക്) നിശ്ചയിച്ച വേതനം നൽകേണ്ടതാണ്.

6. ഒരു ദിവസം 1 മണിക്കൂറിൽ കൂടുതലും 8 മണിക്കൂറിൽ കുറവും ജോലി ചെയ്യുന്നവർക്ക് ഒരു മണിക്കൂറിന് നിശ്ചയിച്ച വേതന നിരക്കിന്റെ ആനുപാതികമായി, പരമാവധി 8 മണിക്കൂർ ജോലിയുടെ വേതനം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ജോലി ചെയ്ത് പൂർത്തിയാക്കിയ സമയത്തിന് മുഴുവനായും വേതനം നൽകേണ്ടതാണ്.

7. ഒരു വീട്ടിൽ ഒരു ഗൃഹനാഥയുടെ/ ഗൃഹനാഥന്റെ കീഴിൽ തന്നെ തുടർച്ചയായി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ആറ് ദിവസം തുടർച്ചയായി ജോലി ചെയ്താൽ ഒരു ഒഴിവ് ദിവസം അനുവദിക്കേണ്ടതാണ്. ഇങ്ങനെ അനുവദിക്കപ്പെട്ട ഒഴിവ് ദിവസം പ്രസ്തുത തൊഴിലാളിയെക്കൊണ്ട് ജോലി ചെയ്യിച്ചാൽ ഓവർടൈം നിരക്കിൽ വേതനം നൽകേണ്ടതാണ്.

8. 18 വയസ്സിൽ താഴെ പ്രായമുള്ളവരെ ജോലിക്ക് നിയോഗിക്കാൻ പാടുള്ളതല്ല.

9. സ്ത്രീ തൊഴിലാളികൾക്ക് ജോലി ചെയ്യുന്ന സ്ഥലത്തുള്ള സുരക്ഷിതത്വം ഗൃഹനാഥ/ ഗൃഹനാഥൻ ഉറപ്പുവരുത്തേണ്ടതാണ്.

10. ഉയർന്ന വേതനത്തിന് സംരക്ഷണം.- പട്ടികയിൽ നിശ്ചയിച്ചതിനേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും തൊഴിലാളി/ തൊഴിലാളികൾക്ക് ലഭിച്ചുവരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ഉയർന്ന വേതനത്തിനുതന്നെ തുടർന്നും അവർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ടോം ജോസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.